**MATHRUBHUMI - 26-04-2025**

## സിഫ്റ്റ് സ്ഥാപക ദിനാഘോഷം

# വിദ്യാർഥികൾക്കും പൊതു ജനങ്ങൾക്കുമായി സിഫ്റ്റ് തുറന്നിടും

**കൊച്ചി**▸ മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും അറിവുകളും കൂടുതൽ ജനകീയമാക്കാൻ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് 29-ന് പൊതുജനങ്ങൾക്കായി തുറന്നിടും. സിഫ്റ്റിന്റെ 68-ാമത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം. സിഫ്റ്റിലെ ഓരോ ഡിവിഷനുകളിലെ നൂതന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ ഓപ്പൺ ഹൗസിൽ സന്ദർശിക്കാം. കർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായക സംഘങ്ങൾ, മത്സ്യപ്രേമികൾ, സംരംഭകർ തുടങ്ങി എല്ലാവർക്കും സ്ഥാപകദിനത്തിൽ സിഫ്റ്റ് സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നുണ്ട്. വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. സിഫ്റ്റിന്റെ ഗവേഷണ മേഖലകൾ അടുത്തറിയാനും സംശയനിവാരണത്തിനും പ്രദർശനം പ്രയോജനപ്പെടും. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയുള്ള പ്രവേശനം സൗജന്യമാണ്.

സ്കൂൾ, കോളേജ് വിദ്യാർഥികൾക്കായി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും 29-ന് സംഘടിപ്പിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ സിഫ്റ്റിന്റെ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യണം. 27-ന് രജിസ്ട്രേഷൻ അവസാനിക്കും. ഫോൺ: 98954 79974.